LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ : സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള മേഖലയിൽ ഒരു സ്ഥലവും ആർക്കും മറിച്ചു വിൽക്കില്ല. അക്കാര്യത്തിൽ യാതൊരു സംശയവും ഇല്ല. ലീസ് എന്ന് പറഞ്ഞാൽ അത് അസൈൻമെന്റ് അല്ല. ലീസും അസൈൻമെന്റും തമ്മിൽ വ്യത്യാസം ഉണ്ട്.

(2) ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി. ജെ. ജോയി : സർ, കാർഷിക ഉൽപ്പാദനരംഗത്ത് കർഷകന്റെ ശക്തിയാണ് കന്നുകാലികൾ. ഈ കന്നുകാലികളിലധികവും കറവമാടുകളാണ് എന്നുള്ള വസ്തുത നമുക്കറിയാം. കടലോരമെന്നോ മലയോരമെന്നോ നോക്കാതെ വളർത്താൻ കഴിയുന്ന ഒരു വിഭാഗമാണ് കറവമാടുകൾ. ഇന്ന് ആ മേഖലയിലുള്ള പാവപ്പെട്ട ക്ഷീരകർഷകർ വളരെയധികം വിഷമത അനുഭവിക്കുന്നു എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ കൊണ്ട് ഉദ്ദേശിക്കുന്നത്. കുടുംബശ്രീ വഴി നമ്മുടെ സംസ്ഥാനത്ത് സ്ത്രീ ശക്തി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് മുൻകൈയെടുത്ത് ഒട്ടേറെ പരിപാടികൾ ആവിഷ്ക്കരിക്കുന്നുണ്ട്. സ്ത്രീകൾ വളരെ കൂടുതലായി ഏർപ്പെട്ടിരിക്കുന്ന ഒരു ജോലിയാണ് പശുവളർത്തൽ. തീർച്ചയായും ആ നിലയിൽ വേണ്ട ഗൗരവത്തോടെ ഈ സംരംഭത്തെ കാണണം. അത് വളർത്തിയെടുക്കുന്നതിന് കാര്യമായി ഒന്നും ഗവൺമെന്റിന്റെ, ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ചെയ്യുന്നില്ല എന്നുള്ള ഗുരുതരമായ സ്ഥിതിവിശേഷമാണ് ഇന്ന് നിലനിൽക്കുന്നത്. പശുവളർത്തലിനെ പ്രോൽസാഹിപ്പിക്കാൻ പുത്തൻ സാങ്കേതികവിദ്യകൾ ആ രംഗത്ത് കൊണ്ടുവരാനുള്ള നടപടി ഉണ്ടായേ തീരൂ. അതുപോലെതന്നെ ഗവേഷണം, വളരെ പ്രാധാന്യമുണ്ടാകേണ്ട ഒന്നാണ്.

വളരെ ഗുരുതരമായ ചില ആവശ്യങ്ങളും, അതോടൊപ്പം ചില നിർദ്ദേശങ്ങളും ഉന്നയിക്കാൻ വേണ്ടിയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്. കേരള വികസന പദ്ധതിയിൽ ക്ഷീരകർഷകർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും നൽകുന്നില്ല, ക്ഷീരകർഷകരുടെ, സഹകരണസംഘങ്ങളെ അതിൽനിന്ന് ഒഴിവാക്കുന്നത് ശരിയല്ല. പാവപ്പെട്ട കർഷകരാണ് അവിടെ ഉപഭോക്താക്കളായിട്ടുള്ളത്. അവർക്ക് പ്ലാനിംഗ് ബോർഡ് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടില്ല. പഞ്ചായത്തുകൾ പ്രോജക്ട് കൊടുത്താൽ പ്ലാനിംഗ് ബോർഡ് അംഗീകരിച്ചിട്ടില്ല എന്നുപറഞ്ഞുകൊണ്ട് ഡി.പി.സി. അത് തള്ളിക്കളയുകയാണ്. അതുകൊണ്ട് ബി.പി.എൽ. കാർഡ് പരിധി ഒഴിവാക്കി പാവപ്പെട്ട കർഷകരെ സഹായിക്കാൻ, ത്രിതല പഞ്ചായത്തുകൾ തയ്യാറാകുംപോൾ അതിന് തടസ്സംനിൽക്കാതെ പ്ലാനിംഗ് ബോർഡിൽ അനുകൂല തീരുമാനം എടുക്കാനുള്ള നടപടി ഉണ്ടാകണമെന്നാണ് എനിക്ക് ആദ്യമായി നിർദ്ദേശിക്കാനുള്ളത്. അതുപോലെ പാൽവില വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം ഞാൻ ഉന്നയിക്കുകയാണ്. സാധനങ്ങൾക്കൊക്കെ വിലവർദ്ധിച്ചു. ഉൽപ്പാദനച്ചെലവ് കണക്കിലെടുത്ത് കാലോചിതമായി വില നിശ്ചയിക്കണം. സംഘങ്ങൾ ഇന്ന് വളരെയധികം വിഷമത്തിലാണ്. വാട്ടർ അതോറിറ്റിയും ഇലക്ട്രിസിറ്റിബോർഡും കൊമേഴ്സ്യൽ താരിഫാണ് ഈടാക്കുന്നത്. വിദ്യുച്ഛക്തി ഇനത്തിലും, വാട്ടർ അതോറിറ്റി

നൽകുന്ന വെള്ളത്തിന്റെ കാര്യത്തിലും ഡൊമസ്റ്റിക് താരിഫ് ചുമത്താനുള്ള നടപടിയുണ്ടാകണം. കാറ്റിൽഫീഡിന്റെ വില നിയന്ത്രിക്കണം. അതിന് ടാക്സ് എക്സംപ്ഷൻ നൽകണം. അതോടൊപ്പംതന്നെ രോഗപ്രതിരോധത്തിൽ ജന്തുരോഗ മുക്തിക്കായി കോടിക്കണക്കിന് രൂപ അനുവദിക്കാൻ ഇന്നലെ മന്ത്രിസഭ തീരുമാനിച്ചതായി കണ്ടു. രോഗപ്രതിരോധത്തിനും പുതിയ സംവിധാനങ്ങൾ ഉണ്ടാക്കി മുന്നോട്ടുപോകാൻ കഴിയണം. സഹകരണ സംഘങ്ങൾ അനുഭവിക്കുന്ന പ്രധാന പ്രയാസം അന്യസംസ്ഥാനങ്ങളിൽ നിന്ന് കാറ്റിൽ ഫീഡും പാലും കൊണ്ടുവരുന്നു എന്നുള്ളതാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്നുകൊണ്ടുവരുന്നതിനെ തടയാൻ ഒരുപക്ഷെ നമുക്ക് കഴിയില്ല. കാരണം അന്യസംസ്ഥാനങ്ങളെ ആശ്രയിക്കാതെ ഒരു ഉപഭോക്തൃ സംസ്ഥാനം എന്നുള്ള നിലയ്ക്ക് നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ല. ആ നിലയിൽ ഒരു എൻട്രൻസ് ടാക്സ് ഏർപ്പെടുത്തി ഈ സംവിധാനത്തെ കർഷകർക്ക് ഗുണകരമായി മാറ്റാനുള്ള നടപടിയുണ്ടാകണം. ഇന്ന് നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡ് അതിന്റെ 51 ശതമാനം ഷെയർ മദർ ഡയറിയായ മദർ ഫുഡ് പ്രോഡക്ട്സിന് നൽകിക്കൊണ്ടുള്ള തീരുമാനമാണ് എടുത്തിട്ടുള്ളത്. 51 ശതമാനം ഷെയർ നൽകുന്ന തീരുമാനം ഇന്ന് നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡിന് ഇത് പണയംവയ്ക്കുന്ന ഒരു സ്ഥിതിയിലേയ്ക്ക് എത്തിക്കുകയാണ്. സഹകരണസംഘങ്ങൾ അതുവഴി നശിച്ചുകഴിഞ്ഞിരിക്കുന്നു, ഇത് വളരെ ഗുരുതരമായ സ്ഥിതിയാണ്. ഇന്ന് അന്യസംസ്ഥാനങ്ങളിൽ നിന്ന് പാൽ കൊണ്ടുവരിക എന്നുള്ളതല്ലാതെ മറ്റൊന്നും ഈ ബോർഡിന് ചെയ്യാൻ കഴിയില്ല. ഇതുവഴി അന്യസംസ്ഥാനങ്ങളിൽ നിന്ന് ധാരാളം പാല് ഇനിയും വരുന്ന സാഹചര്യം ഉണ്ടാകും. അതുകൊണ്ട് നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡിന്റെ പൂർണ്ണമായ നിയന്ത്രണം മാറ്റി അതിന്റെ ഷെയർ 49 ശതമാനവും, നമ്മുടെ മിൽമയ്ക്ക് ഷെയർ 51 ശതമാനവുമായി നിജപ്പെടുത്തിയാൽ തീർച്ചയായും അത് സ്വാഗതാർഹമായിരിക്കും. അല്ലാത്ത ഒരു തീരുമാനം നമുക്ക് പ്രായോഗികമായി വിജയിപ്പിക്കാൻ കഴിയില്ല. അതുപോലെതന്നെ നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡ് വിപണന രംഗത്തും സംസ്ക്കരണരംഗത്തും മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ. പ്രൊഡക്ഷൻ രംഗത്ത് അവർ മുതൽമുടക്കാൻ തയ്യാറല്ല. പ്രൊഡക്ഷൻ രംഗത്തുകൂടി മുതൽമുടക്കുന്ന നിലയിൽ അവിടെ ഒരു പുനക്രമീകരണം ഉണ്ടാക്കി ഈ രംഗത്ത് ഒരു ഉപതൊഴിലാക്കി നടത്തുന്ന ഇവരെ ഈ കാര്യത്തിൽ രക്ഷിക്കണം. മറ്റ് സംസ്ഥാനങ്ങളിലൊക്കെ പശുവളർത്തൽ ഒരു തൊഴിലായി അംഗീകരിച്ചിട്ടുണ്ട്. ഇവിടെ ഒരു ഉപതൊഴിലായി പോലും അംഗീകരിക്കാത്ത ഒരു സ്ഥിതിയാണ്. വളരെ ഗുരുതരമായ സ്ഥിതി നിലനിൽക്കുന്നതുകൊണ്ട് ഈ പാവപ്പെട്ട കർഷകരെ സഹായിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽ പറഞ്ഞതിനെക്കാൾ അതിരുകടന്ന പല കാര്യങ്ങളും ഇവിടെ പറഞ്ഞു. അതിൽ ചില കാര്യങ്ങളെപ്പറ്റി മാത്രം പറയാം, സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന സാന്ദ്രീകൃത കാലിത്തീറ്റയിൽ വയ്ക്കോൽ നമുക്കാവശ്യമായത് ഇവിടെ ഉൽപ്പാദിപ്പിക്കുന്നില്ല. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാനങ്ങളിൽ നിന്ന് വയ്ക്കോലും അതുപോലെ കാലിത്തീറ്റയും വരുന്നുണ്ട്. ഇത് വരാതിരിക്കുന്നില്ല. അത് നിരോധിക്കാൻ സാധിക്കത്തക്ക വിധത്തിലുള്ള ഒരു തീരുമാനം ഇപ്പോൾ എടുക്കാൻ പറ്റില്ല. അത് നിരോധിക്കാൻ സാധിക്കില്ല എന്നാണ് അതിനെപ്പറ്റി എനിക്ക് പറയാനുള്ളത്. രണ്ടാമത് പറഞ്ഞത് കാലിത്തീറ്റയുടെ വില കുറയ്ക്കണ മെന്നാണ്. ഇവിടെ മിൽമയ്ക്ക് കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്ന രണ്ടു ഫാക്ടറിയുണ്ട്, അതുപോലെ കേരളാ ഗവൺമെന്റിന് കേരളാ ഫീഡ്സുണ്ട്. ഈ അടുത്ത കാലത്തായി കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചു. പ്രധാനമായിട്ടുള്ളത് പറയാം. റൈസ്ബ്രാന്റഡ് 4,400 രൂപയായിരുന്നത് ഇന്നിപ്പോൾ 4,600 രൂപയായി. അതുപോലെ വെള്ളച്ചോളം 4,800 രൂപ ഉണ്ടായിരുന്നത് 6,300 രൂപാണ്. ചോളം 5,500-6,800 രൂപാ, എണ്ണ കളയാത്ത തവിട് 5,500-7,800 രൂപ. ഇങ്ങനെ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചു. അതനുസരിച്ചിട്ടുള്ള വില കാലിതീറ്റയ്ക്ക് കൂട്ടിയിട്ടില്ല. കേരളാ ഫീഡ്സിന് ഈ ഗവൺമെന്റ് ഏറ്റെടുക്കുമ്പോൾ ആറ് കോടി രൂപ നഷ്ടമായിരുന്നു. അതിൽനിന്ന് നഷ്ടം കുറച്ച്, കാലിത്തീറ്റയ്ക്ക് ഈ ഉൽപ്പന്നങ്ങളുടെ വിലയനുസരിച്ചുള്ള വില കൂട്ടാതെ, വില കുറച്ച് പഴയതിനേക്കാൾ അൽപ്പംമാത്രം വില കൂട്ടിയാണ് വിൽക്കുന്നത്. ഉല്പന്നങ്ങളുടെ വിലക്കയറ്റം അനുസരിച്ച് കൂട്ടിയില്ല കഴിയുന്നത്രയും വിലകുറയ്ക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ എടുക്കുന്നുണ്ട്. ഇതിനും പുറമേ വയ്ക്കോൽ പെട്ടെന്ന് ഉൽപ്പാദിപ്പിക്കാൻ പറ്റില്ല. നമ്മുടെ നാട്ടിൽ പുതിയ ഇനം നെല്ലും,വിത്തും, വന്നതുകൊണ്ടും നിലം തരിശിടുന്നതിനാലും വയ്ക്കോൽ തീരെ കുറഞ്ഞു. ഒരുപാട് സ്ഥലം കൃഷിയില്ലാതെ കിടക്കുന്നു. അതുക്കൊണ്ട് എൻ.ഡി.ഡി.ബി. യുമായി ആലോചിച്ചിട്ട് എൻ.ഡി.ഡി.ബി. അതിൽ പണം മുടക്കി തമിഴ്നാട്ടിൽ ഒരു ഫാക്ടറിയിട്ട് കൊയ്ത്തുകാലത്ത് വയ്ക്കോൽ വാങ്ങി അട്ടിയിട്ട് കൊണ്ടുവരുന്നതിനു വേണ്ടിയിട്ടുള്ള ഒരു സ്കീം ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിനു വേണ്ടിയിട്ടുള്ള നടപടികൾ എടുക്കുന്നുണ്ട്. ആ വിധത്തിൽ കാലിത്തീറ്റയ്ക്ക് കുറച്ച് വില കുറയ്ക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ എടുക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം.

മൂന്നാമതായിട്ട് അദ്ദേഹം പറഞ്ഞത് രോഗപ്രതിരോധ പ്രവർത്തനത്തിന് വേണ്ടിയുള്ള നടപടികൾ എടുക്കുണമെന്നാണ്. ഈ അടുത്ത കാലത്ത്

10 A.M.] മരുന്നു വാങ്ങലിലും മറ്റുമുണ്ടായ ക്രമക്കേടുകൾ മൂലം പശുക്കൾക്കുള്ള മരുന്നുകൾ വാങ്ങാൻ കഴിഞ്ഞില്ല. കുറേ പശുക്കൾ ചത്തിട്ടുണ്ട്. പാലോടുള്ള laboratary-യിൽ ആവശ്യമായ മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ എടുത്തുവരുന്നു. വാക്സിൻ ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികളും എടുത്തു. അതുപോലെ Foot and mouth disease ന് ആവശ്യമായ നടപടികൾ ശ്രദ്ധാപൂർവവും വേഗതയിലും എടുത്തിട്ടുണ്ട്. അതിനുപുറമെ NDDB യുടെ സഹായത്തോടുകൂടി ഇരുപത്തിയഞ്ചു കോടി രൂപ ചെലവുവരുന്ന ഒരു ഡിസീസ് ഫ്രി സോൺ ആയി കേരളത്തെ മാറ്റിയെടുക്കുന്നതിനുള്ള നടപടികൾ എടുക്കാൻ ഗവൺമെന്റ് ആവശ്യമായ നീക്കങ്ങൾ നടത്തുന്നുണ്ട്. പിന്നെ പറഞ്ഞത് എൻട്രി ടാക്സ് ഏർപ്പെടുത്തണമെന്നാണ്. എൻട്രി ടാക്സിനെ സംബന്ധിച്ച് ഞാൻ നോക്കി, അതിന് ഒരു നിയമവും ഇല്ല. പക്ഷേ പുറത്തുനിന്ന് കൊണ്ടുവരുന്ന പാലിന് സെസ്

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്താൻ കഴിയുമോ എന്നുള്ളത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. നാഷണൽ ഡയറി ഡവലപ്മെന്റിന്റെയും മറ്റും സഹായത്തോടുകൂടി കാലിത്തീറ്റയുടെ ദൗർലഭ്യവും രോഗപ്രതിരോധ പ്രവർത്തനവും നടത്തുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്. പിന്നെ അദ്ദേഹം ചോദിച്ചത്, നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡും ഇവിടത്തെ മിൽമയുമായിട്ടുള്ള എഗ്രിമെന്റിൽ മദർ ഫുഡ് products-ഉം വരുമോ എന്നാണ്, ആ എഗ്രിമെന്റിൽ ഒരു വ്യവസ്ഥയുണ്ട്. മിൽമയ്ക്ക് സ്വീകാര്യമല്ലാത്ത ഏതു കാലം വരുമോ അന്ന് കരാറിൽ നിന്ന് വിട്ടുപോരുന്നതിന് യാതൊരു തടസ്സവുമില്ല. ഇവിടത്തെ പാൽ വിൽക്കാനാണ് എഗ്രിമെന്റ്, ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പാൽ ഇവിടെ വിറ്റഴിക്കുക, വിറ്റഴിക്കാത്ത പാൽ പുറത്തുകൊണ്ടുപോകുക, പുറത്തുനിന്ന് പാൽകൊണ്ടുവന്ന് ഇവിടെ വിൽക്കുന്നത് ആരും എതിർത്തിട്ടില്ല. പുറത്തുകൊണ്ടുപോയി പാൽ വിൽക്കാനാണ്, agreement അതിന് അനുകൂലമായിട്ടും പ്രതികൂലമായിട്ടും തർക്കം ധാരാളം വന്നു. ഏതായാലും എഗ്രിമെന്റ് ആയിക്കഴിഞ്ഞു. ആ എഗ്രിമെന്റിൽ പ്രത്യേകമായ വ്യവസ്ഥകൾ എഴുതിച്ചേർത്തിട്ടുണ്ട്, ഇരുകൂട്ടർക്കും സ്വീകാര്യമല്ലാത്ത വിധം നടപടി ഉണ്ടായാൽ അപ്പോൾതന്നെ പിരിഞ്ഞുപോകുന്നതിനുള്ള നടപടികൾ എടുക്കാമെന്നാണ്. പിന്നെ പ്രോഡക്ഷൻ സൈഡിലേക്ക് NDDB യുടെ സഹായമായി മുപ്പത്തിയഞ്ചു കോടി രൂപ തന്നു. ചില്ലിംഗ് പ്ളാന്റ് ഡയറികളുടെ capacity ഡെവലപ്മെന്റ് എല്ലാമായി. ഈ എഗ്രിമെന്റ് എഴുതുന്നതിനുമുൻപ് ആദ്യകാലം തന്നെ നമുക്ക് ആവശ്യമായ സഹായങ്ങൾ NDDB യിൽ നിന്നും കിട്ടിയിരുന്നു. ചില്ലിംഗ് പ്ളാന്റ് പുതിയതായി തുറക്കുന്നുണ്ട്. ഡയറികളുടെ capacity വർദ്ധിപ്പിക്കൽ നടക്കുന്നുണ്ട്. ഈ രംഗത്ത് ക്ഷീര കർഷകർ വളരെക്കൂടുതലാണ്. ഏതാണ്ട് മിൽമയിൽ മാത്രം എട്ടു ലക്ഷം മെമ്പർമാരാണുള്ളത്. നമ്മുടെ നാട്ടിൽ കാർഷിക രംഗത്ത് വന്നിരിക്കുന്ന വിലക്കുറവും ഉൽപ്പാദനക്കുറവും കൊണ്ട് ജനങ്ങൾ പിടിച്ചുനിൽക്കുന്നത് പശുവളർത്തലും പാൽ ഉൽപ്പാദനവും കൊണ്ടാണ്. അതുകൊണ്ട് ഗവൺമെന്റ് ഇതിന്റേതായിട്ടുള്ള പ്രത്യേക കാര്യങ്ങൾ വളരെക്കൂടുതൽ ശ്രദ്ധിക്കുന്നുണ്ട്. കൂടുതൽ കാര്യങ്ങൾ എന്തെങ്കിലും ചെയ്യണമെന്നുണ്ടെങ്കിൽ മെമ്പർമാർ ചൂണ്ടിക്കാണിച്ചാൽ ചെയ്യാവുന്നത് ചെയ്യും.

ശ്രീ. പി. ജെ. ജോയി : കാറ്റിൽഫീഡിന്റെ വില അനുദിനം വർദ്ധിക്കുകയാണ്. കാറ്റിൽ ഫീഡിനു പുറമെ വയ്ക്കോൽ, പുല്ല് എന്നിവ ധാരാളമായി ഉൽപ്പാദിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ? NDDB പ്രൊഡക്ഷൻ രംഗത്ത് യാതൊന്നും തന്നെ ചെയ്യുന്നില്ല. മുപ്പത്തിയഞ്ചു കോടി രൂപ മുടക്കിയെന്നു പറയുന്നത് സംസ്ക്കരണരംഗത്താണ്. പ്രൊഡക്ഷൻ രംഗത്തുകൂടി പണം മുടക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : പ്രൊഡക്ഷൻ രംഗത്ത് NDDB യുടെ പണം ഇവിടെയല്ല. ഞാൻ മുൻപ് പറഞ്ഞു, തമിഴ്നാട്ടിൽ ഒരു ഫാക്ടറി അവർ ചെയ്യുമെന്നേറ്റു. കൊയ്ത്ത് കാലത്ത് വയ്ക്കോൽ വാങ്ങി അട്ടിയിട്ട് നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവന്ന് സൂക്ഷിക്കുന്നതിന് വേണ്ടിയുള്ള നടപടിയെടുക്കാൻ അവർ പണം മുടക്കാമെന്ന് ഏറ്റിട്ടുണ്ട്. അതിനായിട്ടുള്ള നടപടികൾ നടന്നുവരികയാണ്. പുല്ലുൽപ്പാദനമെന്നുപറഞ്ഞാൽ പഴയകാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

പുല്ലുപറിക്കൽ ഒക്കെയാണ്. കേരളത്തിൽ മൊത്തത്തിൽ പുല്ലുൽപ്പാദനം ഒരു പ്രോഗ്രാമായിട്ടെടുത്തുകൊണ്ട് അതിനാവശ്യമായ പണവും മറ്റു സഹായവും ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്.

IV സബ്മിഷൻ

(1) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് വർദ്ധന

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഇന്നത്തെ പത്രത്തിൽ നമ്മളെല്ലാം വായിച്ച ഉൽകണ്ഠാജനകമായ സ്ഥിതി സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. എൻജിനീയറിംഗ് കോളേജിന്റെ കാര്യത്തിലുള്ള ചർച്ചയിൽ അങ്ങേയ്ക്കുതന്നെ ഇടപെടേണ്ടിവന്ന കാര്യം ഞാൻ ഈ അവസരത്തിൽ അനുസ്മരിപ്പിക്കുന്നു. മെഡിക്കൽ കോളേജുകളുടെ ട്യൂഷൻ ഫീസിനെ സംബന്ധിച്ച് ഇന്ന് പത്രത്തിൽ വന്നത് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെരിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിക്കുന്ന കുട്ടികളിൽ നിന്ന് ഒരു ലക്ഷത്തിയെഴുപത്തിയാറായിരം രൂപ വാങ്ങാമെന്ന് ക്യാബിനറ്റ് തീരുമാനിച്ചതാണ്. അതോടൊപ്പം മറ്റ് അമ്പത് ശതമാനം അഡ്മിഷന് സ്വകാര്യ മാനേജ്മെന്റിന്, സ്വാശ്രയ കോളേജിന്റെ മാനേജുമെന്റിന് ഇഷ്ടമുള്ളത് എത്രയോ അത്രയും വാങ്ങാം. ഒരു ഉദാഹരണം, പുഷ്പഗിരി, ആശുപത്രി തന്നെ. പുഷ്പഗിരി എന്ന പേര് എത്ര മനോഹരം, മുപ്പത് ലക്ഷം രൂപയാണ് അവർ ചോദിക്കുന്നത്. അപ്പോൾ ഈ നിലയിൽ സ്വകാര്യ മാനേജുമെന്റിനെ കയറൂരിവിട്ടുകൊണ്ടും അതേസമയം ഗവൺമെന്റ് ക്യാബിനറ്റ് തന്നെ അംഗീകരിച്ചിരിക്കുന്നത് അൻപത് ശതമാനം മെറിറ്റഡ് ആയിട്ടുള്ള സ്റ്റുഡന്റ്സിനോട് ഒരു ലക്ഷത്തി എഴുപത്തിയാറായിരം രൂപ വാങ്ങാമെന്നാണ്. വിദ്യാഭ്യാസ കച്ചവടക്കാരും ഗവൺമെന്റും തമ്മിലുള്ള ഏറ്റവും ഹീനമായ ബന്ധത്തിന്റെ തെളിവാണ് ഈ ക്യാബിനറ്റ് തീരുമാനം. നമ്മുടെ നാട്ടിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക്, സാധാരണ കേരളപൗരന്റെ മക്കൾക്ക് മെഡിക്കൽ കോളേജിൽ അഡ്മിഷൻ കിട്ടുക എന്നുള്ളത് ചിന്തിക്കാൻപോലും കഴിയുമോ? കേരളത്തിന്റെ പാരമ്പര്യമെന്താണ്? വിദ്യാഭ്യാസത്തിൽ ഗവൺമെന്റിന്റെ അധിപൻമാരുടെ പങ്കിന്റെ ഫലമായി സമ്പന്നരുടെ മക്കൾ കാൽശരായി ധരിച്ച്, കോട്ടുമിട്ട്, പാലം പണി നോക്കുന്നു. കല്ല് അങ്ങോട്ട് തട്ട്, കല്ല് ഇങ്ങോട്ടു തട്ട്, എന്ന് പറയുന്നു, മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ വാങ്ങിക്കുന്നു, എന്നിട്ട് രോഗികളെ ശുശ്രൂഷിക്കുന്നു. പാവപ്പെട്ട ഹരിജന്റേയും ഗിരിജന്റേയും പിന്നോക്കക്കാരന്റേയും മതന്യൂനപക്ഷക്കാരന്റേയും മക്കളിൽ ഏതെങ്കിലും ഒരുത്തന് ഒരു ലക്ഷത്തി എഴുപത്തിയാറായിരം രൂപ കൊടുത്തു. അത്തരം മെഡിക്കൽ കോളേജിൽ പഠിച്ച് ഡോക്ടർമാരാകാൻ കഴിയുമോ? പിന്നോക്കക്കാരന്റെ കൂടെത്തന്നെ മത ന്യൂനപക്ഷത്തിൽപ്പെട്ട ഒരു മന്ത്രി ഈ വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ അവരോട് ഇത്ര കടുത്ത അനീതി കാണിക്കാൻ എന്റെ ബഹുമാനപ്പെട്ട മന്ത്രിയേയും കൂടെയിരുത്തിക്കൊണ്ട് ക്യാബിനറ്റ് തീരുമാനമെടുക്കാൻ കാണിച്ച അതികഠിനമായ ആ മനോഭാവം അത് അത്ഭുതകരംതന്നെ. അങ്ങ് ഇത്

LIBRARY ARCHIVES Kerala Legislative Assembly